# പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:7900** **16.07.2014 ൽ മറുപടിക്ക്**

## റെയിൽവേ ബഡ്ജറ്റിൽ സംസ്ഥാനത്തിന്റെ പ്രധാന ആവശ്യങ്ങൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. റ്റി. വി. രാജേഷ്: | | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജ വകുപ്പുമന്ത്രി) | |
| (എ) | കേന്ദ്ര റെയിൽവേ ബഡ്ജറ്റിന് മുന്നോടിയായി സംസ്ഥാന സർക്കാർ പ്രധാനപ്പെട്ട എന്തൊക്കെ ആവശ്യങ്ങളാണ് കേന്ദ്ര സർക്കാരിന്റെ പരിഗണനയ്ക്ക് സമർപ്പിച്ചിട്ടുള്ളത്; | (എ) | സംസ്ഥാനത്തിന്റെ റെയിൽവേ വികസനത്തിനായുള്ള പ്രധാന ആവശ്യങ്ങളായ പെനിൻസുലാർ റെയിൽവേ സോൺ, പാലക്കാട് കോച്ച് ഫാക്ടറി, ആലപ്പുഴയിലെ വാഗൺ ഫാക്ടറി, തിരുവനന്തപുരത്ത് മെഡിക്കൽ കോളേജും ഒ.പി.ഡി & ഡയഗ്നോസ്റ്റിക് സെന്ററും, മെമു, പാത ഇരട്ടിപ്പിക്കൽ, പാത വൈദ്യുതീകരണം, പാതയുടെ ഗേജ് മാറ്റം, അങ്കമാലി - ശബരി പുതിയ റയിൽവേ ലൈനിന്റെ നിർമ്മാണം, മറ്റ് പുതിയ ലൈനുകളുടെ സർവ്വേ/ നിർമ്മാണം, നേമത്തും, കോട്ടയത്തും കോച്ചിംഗ് ഡിപ്പോകൾ, റയിൽവേ ഓവർ ബ്രിഡ്ജുകളുടെ നിർമ്മാണം, ആട്ടോമാറ്റിക് സിഗ്നലിംഗ് സംവിധാനം, ആട്ടോമാറ്റിക് ബ്ലോക്ക് സിഗ്നൽ, തിരുവനന്തപുരം, എറണാകുളം കോഴിക്കോട് റെയിൽവേ സ്റ്റേഷനുകൾ ലോകനിലവാരത്തിലേക്കുയർത്തുന്നത്, സബർബൻ റെയിൽ പദ്ധതി തുടങ്ങിയവയ്ക്കാണ് 2014-15 ലെ റെയിൽവേ ബഡ്ജറ്റിൽ അവ നടപ്പിലാക്കാനാവശ്യമായ നടപടികളും വകയിരുത്തലുകളും കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുള്ളത്. |

| | | | |
|---|---|---|---|
| (ബി) | തിരുവനന്തപുരത്തുനിന്ന് മംഗലാപുരത്തേക്ക് പുതിയ ട്രെയിൻ തുടങ്ങണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ ? | (ബി) | തിരുവനന്തപുരത്ത് നിന്നും മംഗലാപുരം വരെ ഒരു ഇന്റർസിറ്റി ട്രെയിൻ അനുവദിക്കണമെന്ന ആവശ്യം 2014-15 ലെ റെയിൽവേ ബഡ്ജറ്റിനു മുന്നോടിയായി സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിനു സമർപ്പിച്ച നിവേദനത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ